"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ആർ എ1/37/2023-തസ്വഭവ
തദ്ദേശസ്വയംഭരണ(ആർ എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-03-2023

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ- കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് കോടതികളിൽ നിന്നുമുള്ള ഉത്തരവുകളെ സംബന്ധിച്ച് ലഭ്യമായ നിയമോപദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ തീരുമാനങ്ങളെടുക്കുന്നത് സംബന്ധിച്ച് പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- ചീഫ് ടൌൺ പ്ളാനർ (വിജിലൻസ്) ന്റെ 02/12/2022 ലെ CTPVIG/1068/22 നമ്പർ റിപ്പോർട്ട്

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളോടൊപ്പം ഹാജരാക്കുന്ന മുക്ത്യാർ, പ്ലോട്ടുകളുടെ കൈവശാവകാശം/ ഉടമസ്ഥത സംബന്ധിച്ചുള്ള രേഖകൾ, ലീസ് എഗ്രിമെൻറ് മുതലായ രേഖകളുടെ ആധികാരികത സംബന്ധിച്ചും, കെട്ടിടനിർമ്മാണവുമായും ടൌൺ പ്ലാനിങ് സ്കീമുകളുമായും ബന്ധപ്പെട്ട് കോടതികളിൽനിന്നുള്ള ഉത്തരവുകൾ സംബന്ധിച്ചും വിധിന്യായങ്ങളിന്മേലുള്ള തുടർ നടപടികൾ സംബന്ധിച്ചും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, അവർ നിയമിക്കുന്ന സ്റ്റാൻഡിംഗ് കാൺസിലിൽ നിന്നും നിയമോപദേശം സ്വീകരിയ്ക്കുന്ന ഒരു സമ്പ്രദായം കണ്ടുവരുന്നു. ആയത് ഉപദേശം മാത്രമാണ്. തുടർ നടപടികളുടെ ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കൂടാതെ വിവിധ കേസുകളിൽ ടി സ്റ്റാൻഡിംഗ് കാൺസിലർമാർ തയ്യാറാക്കുന്ന കാര്യവിവരണ പത്രിക (Statement of Facts) സെക്രട്ടറിമാർ വേണ്ടവിധം പരിശോധിച്ച് കോടതി സമക്ഷം വിഷയത്തിലെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

2. ഇപ്രകാരം നിയമപരമായി സാധുതയില്ലാത്ത നിയമോപദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നടപടികൾ എടുക്കുമ്പോൾ പലപ്പോഴും തെറ്റായ തീരുമാനങ്ങളെടുക്കുവാനോ അല്ലെങ്കിൽ തുടർനടപടികളെടുക്കാ തിരിയ്ക്കുവാനോ ഉള്ള സ്ഥിതിവിശേഷം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും സംജാതമാകുന്നുണ്ട്, തൽഫലമായി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പല കേസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, എതിരായി കോടതിവിധികൾ വരുന്ന സാഹചര്യം സംജാതമാകുന്നു. ഇവക്കെതിരെ അപ്പീൽ പോകുന്നില്ല എന്ന സാഹചര്യവും ഉണ്ടാവുന്നുണ്ട്.

3. മേൽ സാഹചര്യം ഒഴിവാക്കുന്നതിനായി, ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ നിയമോപദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കാതെ, ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ വ്യക്തിപരമായി ശ്രദ്ധ പതിപ്പിക്കുകയോ,

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും സ്പഷ്ടീകരണം തേടുകയോ ചെയ്ത ശേഷം മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൌൺ പ്ളാനർ, തിരുവനന്തപുരം
ചീഫ് ടൌൺ പ്ളാനർ(വിജിലൻസ്) തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
(കൊല്ലം/എറണാകുളം/കോഴിക്കോട്)
എല്ലാ ടൌൺ പ്ളാനർമാർക്കും (ചീഫ് ടൌൺ പ്ളാനർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
തദ്ദേശസ്വയംഭരണ(ആർ എ2/ആർ എ3/ആർ ബി/ആർ ഡി/ഇബ്ലിയുഎ
/ഇയു/ഇപിഎ/ഇപിബി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്
(പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Priya S A
Date: 04-03-2023 11:46:38
സെക്ഷൻ ഓഫീസർ